# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3928      11/11/2019-ൽ മറുപടിക്ക്

### സ്വകാര്യ ലാബുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | സ്വകാര്യ ലാബുകൾക്ക് അംഗീകാരം നൽകുന്നതിന് സൂക്ഷ്മവും അതേ സമയം പ്രായോഗികവുമായ വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും.<br><br>ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 01/01/2019 മുതൽ കേരളത്തിലെ സ്വകാര്യമേഖലയിലേതുൾപ്പെടെയുള്ള എല്ലാ മോഡേൺ മെഡിസിൻ സ്ഥാപനങ്ങളുടേയും ഓൺലൈൻ താത്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. അതനുസരിച്ച് സ്വകാര്യ ക്ലിനിക്കൽ ലാബോറട്ടറികളുടേയും താത്കലിക രജിസ്ട്രേഷൻ നടന്നു വരികയാണ്. താത്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ലാബും അതതു സ്ഥാപനങ്ങളുടെ പൂർണ്ണവിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും സ്റ്റാഫുകളുടെ പേരും യോഗ്യതയും, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. താൽകാലിക രജിസ്ട്രേഷന്റെ കാലാവധി 2 വർഷമാണ്. താൽകാലിക രജിസ്ട്രേഷൻ നൽകുന്നത് പ്രസ്തുത സ്ഥാപനങ്ങൾ അപ് ലോഡ് ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ്. താൽകാലിക രജിസ്ട്രേഷൻ നൽകുന്നതിന് മുൻപ് |

| | | | |
|---|---|---|---|
| | | | സ്ഥാപന പരിശോധന, ആക്ട് പ്രകാരം നടത്തുന്നില്ല. താൽകാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ രണ്ടു വർഷത്തിനകം സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുൻപ് അസ്സസർമാർ സ്ഥാപന പരിശോധന നടത്തുകയും ഉദ്ദേശിക്കുന്ന നിലവാരമുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. |
| ബി) | എം.എൽ.ടി. ഡിപ്ലോമ എങ്കിലും ഉള്ള ലാബ് ടെക്നീഷ്യൻമാർ വേണ്ടത്ര ഉണ്ടായിരിക്കുക, രക്തം, മൂത്രം, കഫം എന്നിവ പരിശോധിക്കുന്നതിന് വെവ്വേറെ ഏരിയ ഉണ്ടായിരിക്കുക തുടങ്ങിയ വ്യവസ്ഥകൾ ലാബുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; ഇത്തരം വ്യവസ്ഥകൾ പാലിക്കാത്ത ലാബുകളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ; | ബി) | യോഗ്യതയുള്ള ലാബ് ടെക്നീഷ്യൻമാർ, ആവശ്യത്തിന് ലബോറട്ടറി ഉപകരണങ്ങൾ, സ്ഥല സൗകര്യങ്ങൾ എന്നിങ്ങനെ എല്ലാ സൗകര്യങ്ങളും ഉള്ള ലബോറട്ടറികൾക്ക് മാത്രമേ സ്ഥിരമായ അംഗീകാരം ലഭിക്കുകയുള്ളൂ. ഈ സൗകര്യങ്ങൾ കുറവുള്ള ലബോറട്ടറികൾക്ക് ആയവ പരിഹരിച്ചതിന് ശേഷമേ സ്ഥിരമായുള്ള രജിസ്ട്രേഷൻ/ പുനർ അംഗീകാരം നൽകുകയുള്ളൂ. |
| സി) | തെറ്റായ പരിശോധനാഫലങ്ങൾ നൽകുന്ന ലാബുകൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട് എന്നറിയിക്കാമോ; | സി) | പ്രസ്തുത പരാതികൾ അതാത് ജില്ലകളിലുള്ള ഡി.എം.ഒ മാരാണ് അന്വേഷിക്കുന്നത്. ഇതിനായി ലബോറട്ടറി സ്പെഷ്യലിസ്റ്റ് ഉൾപ്പെടെയുള്ള ഇൻസ്പെക്ഷൻ കമ്മിറ്റികൾ പരിശോധന നടത്തുകയും അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തു വരുന്നത്. |
| ഡി) | ഗുരുതരമായ വീഴ്ചകൾ സ്വകാര്യലാബുകളുടെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ ലാബ് അധികൃതരിൽ നിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ഡി) | ഗുരുതര വീഴ്ചകൾ സ്വകാര്യലാബുകളുടെ ഭാഗത്തു നിന്നുണ്ടാകുമ്പോൾ ലാബ് അധികൃതരിൽ നിന്നു തന്നെ നഷ്ട പരിഹാരം ഈടാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ല. |

സെക്ഷൻ ഓഫീസർ